LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിലുള്ള എൽ.ഡി.സി./ ബി.സി. ഒഴിവുകൾ

116 [1693] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി./ബി.സി. ഒഴിവുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിൽ എൻ.ജെ.ഡി. ഒഴിവുകൾ എത്രയെന്നറിയിക്കാമോ;

(ബി) ഇത്തരത്തിൽ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട്; എത്ര പ്രൊമോഷൻ ഒഴിവുകൾ ഉണ്ട്.

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും എൽ.ഡി.സി./ബി.സി. എത്രപേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. ഇതിൽ എൻ.ജെ.ഡി. ഒഴിവുകൾ 135 എണ്ണം ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ റിട്ടയർമെന്റ് മൂലം 51 ഒഴിവുകളും പ്രൊമോഷൻമൂലം 46 ഒഴിവുകളും ഉണ്ടാകും.

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ 1114 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

നഗരങ്ങളുടെ വികസനത്തിന് എ.ഡി.ബി. വായ്പ

117 [1694] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നഗരങ്ങളുടെ വികസനത്തിനുവേണ്ടിയാണ് സർക്കാർ എ.ഡി.ബി.-യിൽനിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നത്, വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിന്റെ ഏതെങ്കിലും നഗരത്തിന്റെ വികസനത്തിനുവേണ്ടി എ.ഡി.ബി.-യുടെ ഗ്രാന്റ് ലഭിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എ.ഡി.ബി.-യുടെ സഹായം ലഭിക്കുന്നതിനായി എന്തെങ്കിലും ചർച്ചകൾ ഇതിനകം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കോഴിക്കോട്, തൃശ്ശൂർ, കൊച്ചി, കൊല്ലം, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനുകളുടെ വികസനത്തിനുവേണ്ടിയാണ് എ.ഡി.ബി.-യിൽ നിന്നും വായ്പ എടുക്കുവാൻ ഉദ്ദേശിക്കുന്നത്. നഗരസേവനവും അടിസ്ഥാനസൗകര്യങ്ങളുടെ വികസനവും, നഗരമാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കൽ, കേരള മുനിസിപ്പൽ ചാലഞ്ച് ഫണ്ട് രൂപീകരണം എന്നിവയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ പ്രാഥമിക പഠനം നടന്നുവരുന്നതേയുള്ളൂ. വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. കോഴിക്കോട് നഗരസഭയ്ക്ക് പേരിരഹിത നഗരമെന്ന പ്രതീക്ഷയിൽ എ.ഡി.ബി.-യുടെ സഹായത്തോടുകൂടി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് എ.ഡി.ബി.-യുടെ അന്തിമ തീരുമാനം അറിവായിട്ടില്ല.

(സി) പ്രാഥമിക ചർച്ചകൾ മാത്രമേ നടത്തിയിട്ടുള്ളൂ.

ചികിത്സാ ധനസഹായം

118 [1695] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുവാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിയിൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗുരുതരമായ ശസ്ത്രക്രിയകൾക്കുപോലും ഈ ധനസഹായം അനുവദിക്കാൻ വൈകുവാനുള്ള കാലതാമസം വിശദമാക്കുമോ;

(എഫ്) നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് സംവിധാനങ്ങൾ നിലവിലുണ്ട്.

1. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദ പുവർ.
2. ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധി.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭമായ "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ" എന്ന പദ്ധതി പ്രകാരം ഹൃദയ-മസ്തിഷ്ക ശസ്ത്രക്രിയകൾ, കിഡ്നി മാറ്റിവയ്ക്കൽ, മുട്ടുചിരട്ട മാറ്റിവയ്ക്കൽ, നട്ടെല്ലുസംബന്ധമായ ശസ്ത്രക്രിയ തുടങ്ങിയ ഏറ്റവും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്. പരമാവധി 50,000 രൂപ വരെയാണ്

LIBRARY ARCHIVES Kerala Legislative Assembly